# അവതാരിക.

സംസ്കൃതസ്വരങ്ങളാമാദ്യമാമെഴുത്തുകൾ ।
സംസ്കൃതവൎഗ്ഗങ്ങളാം വ്യഞ്ജനങ്ങളും പിന്നെ ॥
ഹ്രസ്വരത്തിൽ കുറവാകും ദ്രാവിഡക്കൂട്ടങ്ങളും ।
സ്വരസംയുക്തമായ വൎഗ്ഗങ്ങൾ പിമ്പുണ്ടിതിൽ ॥

അന്തത്തിൽ ചേൎന്നീടുന്ന വൎഗ്ഗങ്ങളുമ്പോടു ഞാൻ ।
അനുസ്വാരം കൂടുന്ന വൎഗ്ഗവുമുരച്ചിതു ॥
അന്തമാദ്ധ്യമസ്ഥങ്ങൾ തന്നാലെ ഭവിക്കുന്നു ।
അക്ഷരസംയുക്തത്താൽ ഭേദങ്ങളനുക്രമാൽ ॥

അൎദ്ധാക്ഷരങ്ങളെല്ലാമൎദ്ധദേഹങ്ങളത്രെ ।
അൎത്ഥത്തെ കുറിപ്പിപ്പാനുണ്ടു സംഖ്യാവൎണ്ണവും ॥
രണ്ടാമംശത്തിൽ പിന്നെ കൂട്ടുവായനാപാഠം ।
ഇണ്ടലാം യത്നമെറെയില്ലാതെ കിടാക്കൾക്കും ॥

ഏകാക്ഷരികളാകും വാക്കുകളുടെ ശേഷം ।
ഏകസ്വരത്തിനോടു ചേരുമൎദ്ധാക്ഷരങ്ങൾ ॥
ഏകുന്നേൻ അമ്പൊടിന്നു ബുദ്ധിയിൽ ഉദ്ധം ചെയ്വാൻ ।
ഏകദേശമെന്നല്ല ചാലവെ സമസ്തവും ॥

ത്വരിതം ബാലന്മാരിൽ ബുദ്ധിവൎദ്ധനത്തിന്നു ।
ദ്വിത്വാക്ഷരികളോടുമൎദ്ധാക്ഷരങ്ങൾചേൎന്നും ॥
വിഘ്നം കൂടാതെ തന്നെ കാണുന്നു ത്ര്യക്ഷരികൾ ।
ദ്വിഗുണിതങ്ങളാകും ബഹ്വക്ഷരികൾ താനും ॥

മൂന്നാമതാകും പങ്കിൽ വായനയാരംഭിച്ചു ।
മൃന്നം ഗുണമായുള്ള വാക്യം കഥിച്ചിട്ടഹൊ ॥
പിന്നീടിൽ ബുദ്ധിവാക്കാം പഴഞ്ചൊൽ കാങ്കെ ഭവാൻ ।
നിന്ദകളി കൂടാതെ നോക്കേണം നാലാം കഥ ॥

അനുതുല്യമായുള്ള ഏക ഉപമ കാണ്മിൻ ।
അനുതാപകഥയും കഥിച്ചതുമൊക്കുമ്പോൾ ॥

GK VI 70 b
UNIV. BIBL. TÜBINGEN

http://idb.ub.uni-tuebingen.de/diglit/GkVI70b/0006
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG